# സമഗ്രശിക്ഷാ, കേരളം

## വാർഷിക മൂല്യനിർണയം 2021 - 22

## സാമൂഹ്യശാസ്ത്രം

ക്ലാസ് : 9

സമയം : 2½ മണിക്കൂർ
ആകെ സ്കോർ : 80

---

**നിർദേശങ്ങൾ**

- ആദ്യത്തെ 15 മിനിട്ട് സമാശ്വാസ സമയമാണ്.
- ചോദ്യങ്ങളും നിർദേശങ്ങളും ശരിയായി വായിച്ചതിനുശേഷം ഉത്തരമെഴുതുക.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

---

**1 മുതൽ 10 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 7 എണ്ണത്തിന് ഉത്തരമെഴുതുക. 2 സ്കോർ വീതം.** **(7 ×2 = 14)**

1. മധ്യകാലലോകത്തെ പ്രധാനപ്പെട്ട വാണിജ്യപാതകൾ ഏതെല്ലാം?
2. ഇന്ത്യൻ ഭരണഘടനയിലെ ഏതെങ്കിലും രണ്ട് മൗലിക കർത്തവ്യങ്ങൾ എഴുതുക.
3. പ്രതിശീർഷ വരുമാനത്തെക്കുറിച്ച് ലഘു കുറിപ്പ് തയ്യാറാക്കുക.
4. ദക്ഷിണേന്ത്യയിലെ കാർഷികപുരോഗതിയെ സഹായിച്ച ഏതെങ്കിലും രണ്ട് ഘടകങ്ങൾ എഴുതുക.
5. ഭക്തിപ്രസ്ഥാനത്തിന്റെ രണ്ട് ഫലങ്ങൾ എഴുതുക.
6. സാർവത്രിക പ്രായപൂർത്തി വോട്ടവകാശം എന്നാൽ എന്ത്?
7. നദികൾ സൃഷ്ടിക്കുന്ന രണ്ട് ഭൂരൂപങ്ങളുടെ പേരെഴുതുക.
8. പെരുമാക്കന്മാരുടെ ഭരണത്തിന്റെ സവിശേഷതകളെക്കുറിച്ച് ലഘുകുറിപ്പ് തയ്യാറാക്കുക.
9. വൃദ്ധജനങ്ങളുടെ അനാഥത്വത്തിനുള്ള കാരണങ്ങൾ എഴുതുക.
10. ചാർട്ട് പൂർത്തിയാക്കുക.




**11 മുതൽ 18 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 6 എണ്ണത്തിന് ഉത്തരമെഴുതുക. 3 സ്കോർ വീതം.** **(6 × 3 = 18)**

11. ഇന്ത്യൻ ഭരണഘടനയിലെ സമത്വത്തിനുള്ള അവകാശങ്ങളിൽ ഉൾപ്പെടുന്ന ആശയങ്ങൾ ഏതെല്ലാം?
12. ഇന്ത്യയിൽ അനുഭവപ്പെടുന്ന ഏതെങ്കിലും മൂന്ന് പ്രകൃതിദുരന്തങ്ങളുടെ പേരെഴുതുക.
13. വിദ്യാഭ്യാസം മാനവവികസനത്തിന്റെ വളർച്ചയെ സഹായിക്കുന്നതെങ്ങനെ?
14. ജനസംഖ്യാവിതരണത്തെ സ്വാധീനിക്കുന്ന ഏതെങ്കിലും മൂന്ന് ഘടകങ്ങളുടെ പേരെഴുതുക.

15. സുസ്ഥിര വികസനത്തിന്റെ പ്രധാന ലക്ഷ്യങ്ങൾ എന്തെല്ലാം?

16. നഗരങ്ങൾ നേരിടുന്ന പ്രധാന പ്രശ്നങ്ങൾ എഴുതുക.

17. ദേശീയവരുമാനം കണക്കാക്കുന്നതിനുള്ള രീതികൾ എന്തെല്ലാം?

18. വിവിധ പ്രകൃതിദുരന്തങ്ങളുണ്ടാകുമ്പോൾ അനുവർത്തിക്കേണ്ട എന്തെങ്കിലും മൂന്ന് നടപടികൾ സൂചിപ്പിക്കുക.

19 മുതൽ 31 വരെയുള്ള ചോദ്യങ്ങളിൽ എന്തെങ്കിലും 9 എണ്ണത്തിന് ഉത്തരമെഴുതുക. 4 സ്കോർ വീതം. (9 × 4 = 36)

19. 'എ' കോളത്തിലുള്ളവയ്ക്ക് അനുയോജ്യമായി 'ബി' കോളത്തിലുള്ളവയെ ക്രമപ്പെടുത്തി എഴുതുക.

| എ | ബി |
|---|---|
| ഫ്രാങ്കിഷ് സാമ്രാജ്യം | ജസ്റ്റീനിയൻ |
| അറേബ്യൻ സാമ്രാജ്യം | ഷാലമീൻ |
| പൗരസ്ത്യ റോമാ സാമ്രാജ്യം | ചെങ്കിസ്ഖാൻ |
| മംഗോളിയൻ സാമ്രാജ്യം | ഹാറൂൺ - അൽ - റഷീദ് |

20. ഇന്ത്യൻ ഭരണഘടനയിലെ എന്തെങ്കിലും നാല് മൗലികാവകാശങ്ങൾ എഴുതുക.

21. വിവിധതരം ഫലകചലനങ്ങൾ എന്തെല്ലാം? എന്തെങ്കിലും ഒരെണ്ണം വിശദീകരിക്കുക.

22. ഫ്യൂഡലിസത്തിന്റെ തകർച്ചയുടെ കാരണങ്ങൾ എന്തെല്ലാം?

23. ഇന്ത്യയുടെ ദേശീയവരുമാനം കണക്കാക്കുന്നതിനുള്ള പ്രയാസങ്ങൾ വിവരിക്കുക.

24. ഭൂകമ്പങ്ങളെക്കുറിച്ച് ഒരു കുറിപ്പ് തയ്യാറാക്കുക.

25. മധ്യകാല ഇന്ത്യയിൽ കച്ചവട പുരോഗതിക്കായി ഭരണാധികാരികൾ സ്വീകരിച്ച നടപടികൾ എന്തെല്ലാം?

26. ഭക്തിപ്രസ്ഥാനവുമായി ബന്ധപ്പെട്ട ചാർട്ട് പൂർത്തിയാക്കുക.




27. ഇന്ത്യയിലെ തിരഞ്ഞെടുപ്പ് കമ്മീഷന്റെ ചുമതലകൾ എന്തെല്ലാം?

28. **'എ' കോളത്തിലുള്ളവയ്ക്ക് അനുയോജ്യമായി 'ബി' കോളത്തിലുള്ളവയെ ക്രമപ്പെടുത്തി എഴുതുക.**

| എ | ബി |
|---|---|
| നദി | സ്റ്റാലക്റ്റൈറ്റുകൾ |
| തിരമാല | വെള്ളച്ചാട്ടം |
| കാറ്റ് | ബീച്ചുകൾ |
| ഭൂഗർഭജലം | മണൽക്കൂനകൾ |

29. മധ്യകാല കേരളത്തിൽ രൂപംകൊണ്ട കലാരൂപങ്ങളെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക.

30. ലഹരിപദാർഥങ്ങളുടെ ഉപയോഗം സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ എന്തെല്ലാം?

31. മിശ്രസമ്പദ്വ്യവസ്ഥയുടെ സവിശേഷതകൾ എന്തെല്ലാം?

**32 മുതൽ 35 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഉത്തരമെഴുതുക. 6 സ്കോർ വീതം.** **(2 × 6 = 12)**

32. മധ്യകാലഘട്ടത്തിലെ സാമൂഹിക സാമ്പത്തിക ഘടനയുടെ സവിശേഷതയായിരുന്നു ഗിൽഡുകൾ. വിശദമാക്കുക.

33. ഘനീകരണ രൂപങ്ങളെക്കുറിച്ച് വിവരിക്കുക.

34. മാൻസബ്ദാരി സമ്പ്രദായവും ജാഗിർദാരി സമ്പ്രദായവും താരതമ്യം ചെയ്യുക.

35. സമുദ്രങ്ങൾ പലവിധത്തിൽ മനുഷ്യർക്ക് പ്രയോജനപ്പെടുന്നു. വിശദീകരിക്കുക.